പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ. 3480

18/02/2013-ൽ മറുപടിക്ക്

'ഊർജ്ജശ്രീ' പദ്ധതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ശിവദാസൻ നായർ<br>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ<br>ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ<br>ശ്രീ. സണ്ണി ജോസഫ് | | ഡോ. എം. കെ. മുനീർ<br>ബഹു: പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി | |
| (എ) | കുടുംബശ്രീ വഴി നടപ്പാക്കുന്ന 'ഊർജ്ജശ്രീ' പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം; വിശദമാക്കുമോ; | (എ) | കുടുംബശ്രീ വഴി നടപ്പാക്കുന്ന 'ഊർജ്ജശ്രീ' പദ്ധതിയുടെ മുഖ്യ ഉദ്ദേശ്യം രണ്ടായിരത്തിലധികം കുടുംബശ്രീ സംരംഭകർക്ക് സ്വയംതൊഴിൽ നൽകുവാൻ സാധിയ്ക്കുക എന്നതാണ്. ഊർജ്ജസംരക്ഷണം, പാരമ്പര്യേതര ഊർജ്ജ സംരക്ഷണ ഉപകരണങ്ങളുടെ പ്രചരണം, ഊർജ്ജസംരക്ഷണത്തെപ്പറ്റി പൊതുജനങ്ങളെ ബോധവൽക്കരിക്കൽ തുടങ്ങിയവയും ഈ പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നുണ്ട്. പാരമ്പര്യതര ഊർജ്ജ ഉറവിടങ്ങളിൽ നിന്ന് ഊർജ്ജം ഉല്പാദിപ്പിക്കുന്ന ഉപകരണങ്ങളുടെ വില്പന, വില്പനാനന്തര പരിപാലനം എന്നിവ കുടുംബശ്രീ സംരംഭകരിലൂടെ പ്രാവർത്തികമാക്കുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. |
| (ബി) | പാരമ്പര്യേതര ഊർജ്ജോപാധികൾ സംസ്ഥാനത്തെ എല്ലാ വീടുകളിലും എത്തിക്കുവാൻ എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം; | (ബി) | ഈ പദ്ധതിയുടെ പ്രാരംഭ നടപടിയായി ഈ സാമ്പത്തിക വർഷം തിരുവനന്തപുരം മ്യൂസിയം വളപ്പിൽ ഒരു വില്പന കേന്ദ്രവും, വില്പനാനന്തര പരിപാലന യൂണിറ്റും സ്ഥാപിയ്ക്കുവാൻ ഉദ്ദേശിക്കുന്നു. ഒരു വർഷം കൊണ്ട് എല്ലാ ജില്ലാആസ്ഥാനങ്ങളിലും, മൂന്നു വർഷം കൊണ്ട് എല്ലാ ബ്ലോക്കുകളിലും, മുൻസിപ്പൽ/കോർപ്പറേഷനുകളിലും ഓരോ യൂണിറ്റ് വീതം പ്രവർത്തിപ്പിക്കുവാനാണ് ഉദ്ദേശിക്കുന്നത്. ഈ പദ്ധതിമൂലം രണ്ടായിരത്തിലധികം കുടുംബശ്രീ വനിതാ സംരംഭകർക്ക് നേരിട്ട് സ്വയംതൊഴിൽ നൽകാമെന്ന് പ്രതീക്ഷിയ്ക്കുന്നു. |
| (സി) | പ്രസ്തുതപദ്ധതി ഏതെല്ലാം ഏജൻസികളുടെ സഹായത്തോടെയാണു പ്രവർത്തിക്കുന്നത്; വിശദമാക്കുമോ; | (സി) | ഈ പദ്ധതിയ്ക്ക് സാങ്കേതിക സഹായം നൽകുന്നത് അനർട്ടാണ്. കൂടാതെ കേന്ദ്രസർക്കാരിന്റെ മിനിസ്ട്രി ഓഫ് ന്യൂ ആന്റ് റിന്യൂവബിൾ എനർജിയുടെ അംഗീകാരം ലഭിച്ചിട്ടുള്ള ഏജൻസികളുടെ സഹായം കൂടി നേടാൻ ഉദ്ദേശിക്കുന്നു. |

| | | | |
|---|---|---|---|
| (ഡി) | ഇതിനായി, എന്തെല്ലാം കാര്യങ്ങൾ ചെയ്തിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം? | (ഡി) | ഇതു സംബന്ധിച്ചുള്ള കാര്യങ്ങളുടെ പ്രവർത്തനം പ്രാരംഭ ഘട്ടത്തിലാണ്. |

സെക്ഷൻ ഓഫീസർ